ഹാവ് ദ്നൂറോനേ
അഗ്നിമയർ

Haw Dnoorone - Agnimayar
Tibin Chacko Thevervelil
Ettichuvadu P O, Ranny
Ph: 8086189918
E-Mail : tibin1988@gmail.com

First Published : January, 2015
Copies : 500
Published By : Thevervelil Publishers, Ranny
Cover Design : Aby Mathew Varghese

Typesetting & Printing : St. Francis Press,
St. Benedict's Road,
Ernakulam,
Cochin -682 018

Rs. 50/-

ഹാവ് ദ്നൂറോനേ
അഗ്നിമയർ

റ്റിബിൻ ചാക്കോ തേവർവേലിൽ

പ്രസാധനം
തേവർവേലിൽ പബ്ലിഷേഴ്സ്

സമർപ്പണം

ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി മാലാഖമാരുടെ ഗണങ്ങളോട് ചേർന്ന എന്റെ സഹോദരൻ സാംസൺ അലക്സ് സാജന്റെ (അപ്പു) പാവനസ്മരണയ്ക്ക് ഈ കൃതി വിനയപൂർവ്വം സമർപ്പിക്കുന്നു.

ആമുഖം

സകല സൃഷ്ടികളുടേയും നിർമ്മാതാവായവനെ സ്തോത്രം ചെയ്യുകയും, വന്ദിക്കുകയും, സ്തുതിക്കുകയും ചെയ്ത് കൊണ്ട് ദൈവത്തിനും മനുഷ്യർക്കും ഇടയിൽ അദൃശ്യരും അരൂപികളുമായ് സ്ഥിതി ചെയ്യുന്ന ഒരു ദൈവസൃഷ്ടിയാണ് മാലാഖമാർ. വി യാക്കോബിന്റെ തക്സായിൽ മാലാഖമാരും, പ്രധാനമാലാഖമാരും, റീശനുവോസേന്മാരും, ശുൽത്തോനേന്മാരും, മൗത്ത്ബേന്മാരും, മോറാവോസേന്മാരും, ഹൈലേന്മാരും, അനേകം കണ്ണുകളുള്ള ക്രൂബേന്മാരും, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നുചെന്ന് കാദീശ് പാടുന്നവരായ ആറാറു ചിറകുകളുള്ള സ്രോപ്പേന്മാരുമായ, ശരീരികളും അശരീരികളുമായ സ്വർഗ്ഗസ്സേനകൾ മഹത്ത്വപ്പെടുത്തുന്നവനെ നമുക്കും മഹത്ത്വപ്പെടുത്താം. എന്ന് മാലാഖമാരുടെ വിവിധ വൃന്ദങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നു.

മാലാഖമാർ എന്ന് കേൾക്കുമ്പോൾ രണ്ട് ചിറക് ഉള്ളതും, കിരീടം അണിഞ്ഞിരിക്കുന്നതും, ശുഭ്രവസ്ത്രം ധരിച്ചിരിക്കുന്നതുമായ ഒരു രൂപം ആണ് നമ്മുടെ മനസ്സിൽ ഓടിയെത്തുക. എന്നാൽ വി വേദപുസ്തകം മാലാഖമാരെപ്പറ്റി നമുക്ക് തരുന്ന വിവരണം തികച്ചും വ്യത്യസ്തമാണ്. മാലാഖമാരുടെ ഗണങ്ങളേപ്പറ്റിയും, അവരുടെ രൂപത്തെ കുറിച്ചും, ദൗത്യങ്ങളേപ്പറ്റിയും സഭാവിശ്വാസികൾക്ക് പ്രത്യേകിച്ച് ആദ്ധ്യാത്മിക പ്രവർത്തകർക്ക് അവബോധം നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

ഈ ചെറിയ ഗ്രന്ഥത്തിന് അവതാരിക എഴുതുവാൻ സമയം കണ്ടെത്തിയ റവ. ഫാ. ഡോ. ടി. പി ഏലിയാസ്, മാലാഖമാരെപ്പറ്റി എഴുതുവാൻ പ്രചോദിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത എന്റെ ആത്മീയ വഴികാട്ടി റവ. ഫാ. ദീപു ജോബ് ഡേവിസ്, ഈ ഗ്രന്ഥത്തിന്റെ കൈയ്യെഴുത്ത് പ്രതി പരിശോധിച്ച് വേണ്ട തിരുത്തലുകൾ നൽകിയ കെ. എം. ജോൺ കിഴക്കേടത്ത് എന്നിവരോടുള്ള നന്ദിയും സ്നേഹവും ഇവിടെ കുറിക്കട്ടെ.

എനിക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകി വരുന്ന എന്റെ കുടുംബാംഗങ്ങളോടും, റാന്നി കുറ്റിയാനി സെൻറ് ജോർജ്ജ് ഓർത്തഡോക്സ്, പടമുഗൾ സെൻറ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് എന്നീ ഇടവകകളോടുമുള്ള പ്രത്യേക കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാ നല്ലവരേയും, ഈ പുസ്തകത്തിന്റെ മുദ്രണം നിർവ്വഹിച്ച സെൻറ് ഫ്രാൻസിസ് പ്രസ് എറണാകുളം, കവർ ഡിസൈനിംഗ് ആകർഷകമായ രീതിയിൽ ക്രമീകരിച്ച് തന്ന എന്റെ സുഹൃത്ത് എബി മാത്യു വർഗീസ് എന്നിവരേയും സ്മരിക്കുന്നു. ഈ ഗ്രന്ഥം എല്ലാവർക്കും പ്രയോജനപ്രദമായിത്തീരും എന്ന് വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

റ്റിബിൻ ചാക്കോ തേവർവേലിൽ

അവതാരിക

മാലാഖമാരും പ്രധാനമാലാഖമാരും സ്തുതിക്കുന്നതുപോലെ... ഞങ്ങളേയും

ഫാ. ഡോ. ടി. പി. ഏലിയാസ്

മാലാഖമാരെക്കുറിച്ചുള്ള പഠനം ശ്രമകരമായ ഒരു ദൗത്യമാണ് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ആത്മീകജീവികളായ മാലാഖമാരെ വാഗ്മയചിത്രത്തിൽ ഒതുക്കുവാൻ ശ്രമിച്ചാൽ, അത് അപൂർണ്ണമായിരിക്കും. നഗ്നനേത്രങ്ങൾകൊണ്ട് കാണുവാൻ സാധിക്കാത്ത, ഈ ദിവ്യസൃഷ്ടികളെ, വേദപുസ്തകത്തിലെ, പഴയ-പുതിയ നിയമപുസ്തകങ്ങളിൽ, "ദൈവപുത്രൻ", "ദൂതന്മാർ", "സ്വർഗ്ഗീയസൈന്യങ്ങൾ" തുടങ്ങിയ വാക്കുകളിലാണ് നാമകരണം ചെയ്തിരിക്കുന്നത്. "മാലാഖോ" എന്ന സുറിയാനി പദത്തിന് മലയാളത്തിൽ "ദൂതൻ" എന്നാണ് ഭാഷാന്തരം.

സെമിറ്റിക് മതങ്ങളിൽ, മാലാഖമാരെക്കുറിച്ചുള്ള പരമാർശനങ്ങൾ "ദൈവികവെളിപാടുകൾ" (Theophany) ആയി ബന്ധപ്പെട്ട് കിടക്കുന്നു. "ലോകസജീവ മതങ്ങളുടെ" ലിസ്റ്റിൽ കാണുന്ന "യഹൂദ-ക്രൈസ്തവ-ഇസ്ലാം" മതങ്ങളിലെ പിതാക്കന്മാരായ അബ്രഹാം, മോശ, തുടങ്ങിയവർ ഈ അനുഭവത്തിൽ കൂടി കടന്ന് പോയവരാണ്. ഗോത്രപിതാവായ അബ്രഹാമിന്റെ ദാസി ഹാഗാർ ഗർഭിണിയായി. അവളുടെ യജമാനത്തിയായ സാറായുടെ കണ്ണിന് ഹാഗാർ നിന്ദിതയായി. ഹാഗാർ ഓടിപ്പോയി. യഹോവയുടെ ദൂതൻ അവളെ നീരുറവിനരികെ കണ്ടു. ചില കൽപ്പനകളും വാഗ്ദത്തങ്ങളും അവൾക്ക് നൽകി. (ഉൽപത്തി 16:7-16). ഇതൊരു തെയോഫനിയുടെ അനുഭവമാണ്. ന്യായപ്രമാണദാതാവായ മോശയുടെ ജീവിതത്തിൽ, മിദ്യാനിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്ന സമയത്ത് യഹോവയുടെ ദൂതൻ മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന്, അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. മുൾപ്പടർപ്പ് തീ പിടിച്ച് കത്തുന്നു. എങ്കിലും മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്നത് കണ്ടു. (പുറ 3:2-22)

ന്യായപ്രമാണങ്ങളിലും പ്രവചനപുസ്തകങ്ങളിലും തിരുവെഴുത്തുകളിലും ദൈവഹിതം മനുഷ്യരെ അറിയിക്കുവാൻ ദൂതന്മാർക്ക് നിയോഗം നൽകുന്നു. ദൂതന്മാർ യഹോവയ്ക്ക് തുല്യമായ സ്ഥാനവും അധികാരവും കർതൃത്വവും നിർവ്വഹിക്കുന്നതായിട്ടാണ് കാണുന്നത്. വരാനിരിക്കുന്ന കാര്യങ്ങളെ മുന്നറിയിക്കുന്ന ഇവർ ജനത്തെ കാവൽ ചെയ്യുന്നു. ദൈവഹിതം അനുസരിക്കുവാൻ സദാ സന്നദ്ധരായിരിക്കുന്ന ആജ്ഞാനുവർത്തികളാണ് ഈ ദൂതന്മാർ.

പഴയനിയമത്തിനും പുതിയനിയമത്തിനും ഇടയിലുള്ള "ഇടക്കാലഘട്ടം" ദൂതന്മാരുടെ സന്ദേശത്തിന് പ്രാധാന്യം നൽകുന്നു. സഖറിയാ പുരോഹിതൻ കർത്താവിന്റെ മന്ദിരത്തിൽ ധൂപാർപ്പണം നടത്തുന്ന സമയത്ത് ദൈവസന്നിധിയിൽ നിന്ന് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് തനിക്ക് ലഭിക്കുവാൻ പോകുന്ന മകനെക്കുറിച്ച് അറിയിപ്പ് കൊടുക്കുന്നു. ആ വാക്ക് അവിശ്വസിച്ച പുരോഹിതൻ ശിക്ഷയും ദൂതനിൽ നിന്ന് ഏറ്റുവാങ്ങുന്നു. (ലൂക്കോ 1:8-23) പുതിയനിയമത്തിൽ മാലാഖമാരെക്കുറിച്ചുള്ള വിശ്വാസവും അവരുടെ സന്ദേശവും വളരെ ശക്തമാണ്. യേശുവിന്റെ ജനനത്തേക്കുറിച്ച് മറിയാമിനും (ലൂക്കോ 2:26-35). മറിയാമ്മിന്റെ ഗർഭധാരണത്തെക്കുറിച്ച് യൗസേഫിന്റെ അടുക്കലും (മത്താ.1:20) മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ട കർത്താവിന്റെ അടുക്കലും (മർക്കോ 1:13), ഗത്സമനിലെ കർത്താവിന്റെ പീഢാനുഭവവേളയിലും (ലൂക്കോ 22: 2-46), കാരാഗ്രഹത്തിൽ കിടന്ന പത്രോസിനെ പരിചരിച്ച സന്ദർഭത്തിലും (അപ്പോ. പ്ര 12:7-8) ദൂതന്മാരുടെ സാന്നിധ്യം ശ്രദ്ധേയമാണ്.

യഹൂദാ-ക്രൈസ്തവ ആരാധനയിൽ മാലാഖമാരുടെ പങ്കിനെക്കുറിച്ച് വി.വേദപുസ്തകം നൽകുന്ന ഉൾക്കാഴ്ച ശ്രദ്ധേയമാണ്. യെശയ്യാ പ്രവാചകന്റെ ദർശനത്തിൽ... "കർത്താവ് ഉയർന്നും പൊങ്ങിയും ഉള്ള സിംഹാസനത്തിൽ ഇരിക്കുന്നത്.... മന്ദിരത്തെ നിറച്ചിരുന്നു. സറാഫുകൾ അവനു ചുറ്റും നിന്നു...ഓരോരുത്തന് ആറാറ് ചിറകുണ്ടായിരുന്നു.... സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ....ആർക്കുന്ന ശബ്ദത്താൽ ഉമ്മറപ്പടിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങി....സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് ഒരു തീക്കനൽ എടുത്ത് കൈയ്യിൽ പ്പിടിച്ചുകൊണ്ട്...എന്റെ വായ്ക്ക് തൊടുവിച്ചു....അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു... ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് അടിയനിതാ... അടിയനെ അയയ്ക്കേണമേ എന്ന് പറഞ്ഞു" ക്രൈസ്തവ ചിന്തയിൽ വി. കുർബ്ബാനയുടെ മുന്നാസ്വാദനമാണിത്. വി.കുർബ്ബാനയുടെ അനാഫോറ ഭാഗത്ത് രഹസ്യങ്ങൾ തുറക്കപ്പെടുമ്പോൾ സ്വർഗ്ഗമാണ് തുറക്കപ്പെടുന്നത്. ആത്മീയ സംഘങ്ങൾ (മാലാഖമാർ) ഈ രഹസ്യത്തിന്റെ ബഹുമാനത്തിനായി ഇറങ്ങി വരുന്നു. അവരോടൊപ്പം നിന്നുകൊണ്ടാണ് ആരാധന അർപ്പിക്കുന്നത്. പട്ടക്കാർ കൈ ആവസിപ്പിക്കുന്നത് മാലാഖമാർ പറന്ന് നടക്കുന്ന രീതിയിൽ കൈ ഉയർത്തുകയും താഴ്ത്തുകയും ചെയ്തു കൊണ്ടാകണമെന്ന് അനുശാസിക്കുന്നു. (വി. യാക്കോബിന്റെ കുർബ്ബാന തക്സാ- അനുഷ്ഠാനങ്ങളും വ്യഖ്യാനങ്ങളും ചേർത്തത് : ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്)

ക്രിസ്തീയ ആരാധനയുടെ അടിസ്ഥാന തത്വത്തെപ്പറ്റി വെളിപാട് പുസ്തകത്തിൽ പ്രതീകാത്മകമായി വിവരിക്കുന്നു. സ്വർഗ്ഗത്തിൽ നിത്യമായ ഒരു ആരാധന നടക്കുന്നുണ്ട്. യെശയ്യാവും, യോഹന്നാനും ദർശനത്തിൽ കണ്ടത് പോലെ മാലാഖമാർ സ്വർഗ്ഗീയ സിംഹാസത്തിന് മുമ്പാകെ ദൈവത്തെ സ്തുതിക്കുന്നു. (യെശയ്യ 6:4, വെളി 4:8) യോഹന്നാന്റെ വെളിപാട് അനുസരിച്ച് പഴയ ഇസ്രായേലിലെ 12 ഗോത്ര പിതാക്കന്മാരും, പുതിയ ഇസ്രായേലിന്റെ (സഭയുടെ) അടിസ്ഥാനമായ 12 അപ്പോസ്തലന്മാരും അടങ്ങിയ 24 മൂപ്പന്മാർ, മാലാഖമാരോടുകൂടി സ്വർഗ്ഗീയ സിംഹാസനത്തിന് മുന്നിൽ മാലാഖമാരുടെയും മൂപ്പന്മാരുടെയും നടുവിൽ ക്രിസ്തു എന്ന അറുക്കപ്പെട്ട കുഞ്ഞാട് നിൽക്കുന്നു. മൂപ്പന്മാരും മാലാഖമാരും വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗവും നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിനെ വീണ് നമസ്കരിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ മുദ്രയാകുന്ന വി. മാമോദീസ സ്വീകരിച്ചവർ സ്വർഗീയ ആരാധനയിൽ പങ്കാളികളാണ്. അവർ വെള്ളനിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിന്നുകൊണ്ട് ആരാധിക്കുന്നു.

ഈ ആരാധിക്കുന്ന സമൂഹത്തിലെ പങ്ക് ലഭിക്കുവാൻ ശ്രീ. റ്റിബിൻ ചാക്കോയുടെ രചന മുഖാന്തിരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നാല് അദ്ധ്യായങ്ങളിലായി നിർവ്വഹിച്ചിരിക്കുന്ന ഈ കൃതിയുടെ ഉള്ളടക്കം ഏതൊരു വിശ്വാസിക്കും അദ്ധ്യാത്മിക വളർച്ചയ്ക്ക് ഉതകുന്ന സന്ദേശം ലഭിക്കും. മലയാളത്തിൽ ഏയ്ഞ്ചലോളജി ശാഖാപഠനം വളരെ കുറച്ച് മാത്രമേ നടന്നിട്ടുള്ളു. എന്നാൽ എല്ലാ ഭാഗങ്ങളും സ്പർശിച്ചു കൊണ്ട് ക്യാപ്സൂൾ മോഡലിലുള്ള ഈ യുവ എഴുത്തുകാരന്റെ അവതരണത്തിന് പുതുമയുണ്ട്. വേദശാസ്ത്രപഠന വിദ്യാർത്ഥികൾക്ക് മാത്രമല്ല ഒരു പരിധിവരെ വൈദികർക്കും ഇത് ഒരു നിധി തന്നെ. ക്രൈസ്തവ ആരാധനയിൽ പങ്കുകാരാകുന്ന ഏവരുടേയും ആദ്ധ്യാത്മിക അനുഭവത്തിന് ഈ കൃതി മുഖാന്തിരമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഹാവ് ദ്നൂറോനേ – അഗ്നിമയർ എന്ന ഈ കൃതി ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുന്നു.

ഉള്ളടക്കം

1. മാലാഖമാർ
2. മാലാഖമാർ ബൈബിളിൽ
    2.1 മാലാഖമാർ പഴയനിയമത്തിൽ
    2.2 മാലാഖമാർ പുതിയനിയമത്തിൽ
    2.3 മാലാഖമാരുടെ പേരുകൾ ബൈബിളിൽ
3. മാലാഖമാർ ആരാധനയിൽ
4. മാലാഖവൃന്ദം
    4.1 നവവൃന്ദം മാലാഖമാർ
    4.1.1 സ്രോപ്പേന്മാർ
    4.1.2 ക്രോബേന്മാർ
    4.1.3 ഹൈലേവോസേന്മാർ
    4.1.4 മോറോവോസേന്മാർ
    4.1.5 മൗത്ത്ബേന്മാർ
    4.1.6 ശുൽത്തോനേന്മാർ
    4.1.7 റീശേവോസേന്മാർ
    4.1.8 റീശേ മാലാഖമാർ
    4.1.9 മാലാഖമാർ
    4.2 പിശാചുക്കൾ

Bibliography

1

മാലാഖമാർ

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ അദൃശ്യരും അരൂപികളും, അസാധാരണ കഴിവുകളോടും കൂടി സ്ഥിതി ചെയ്യുന്ന ഒരു ദൈവസൃഷ്ടിയാണ് മാലാഖമാർ. മാലാഖ എന്ന മലയാളം പദം മലക്ക് എന്ന ഹീബ്രു പദത്തിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. സന്ദേശവാഹകൻ അഥവാ ദൂതൻ എന്നാണ് ഈ പദം കൊണ്ട് അർത്ഥമാക്കുന്നത്. സഭയുടെ വിശ്വാസപ്രമാണത്തിൽ "കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യ ഏക ദൈവത്തിൽ വിശ്വസിക്കുന്നു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അദൃശ്യരായ ഈ സൃഷ്ടികളുടെ പ്രധാന ദൗത്യം ദൈവത്തെ സ്തുതിച്ച് കൊണ്ട് ദൈവത്തിനു വേണ്ടി നിലകൊള്ളുക എന്നതാണ്. മാലാഖമാരെപ്പറ്റിയുള്ള പഠനത്തിന് എയ്ഞ്ചലോളജി എന്ന് പറയുന്നു.

വി. വേദപുസ്തകത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന അറിവനുസരിച്ച് മാലാഖമാർ ഭൂമിയുടെ സൃഷ്ടിക്കു മുമ്പെ സൃഷ്ടിക്കപ്പെട്ടവരാണ്. അപ്പോസ്തോലനായ പൗലോസ് തന്റെ ലേഖനത്തിൽ പറയുന്നു "യേശു ക്രിസ്തു ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും യേശുക്രിസ്തു മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. (1കൊലോസ്യർ1:15,16) മാലാഖമാരുടെ എണ്ണസംഖ്യ എത്രയെന്ന് കൃത്യമായി നമുക്ക് ലഭ്യമല്ല. എങ്കിലും ഇവർ പതിനായിരം, പതിനായിരങ്ങൾ ഉണ്ടെന്നും, അനേകായിരങ്ങൾ ഉണ്ടെന്നും, പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാർ ഉണ്ടെന്നും വി. വേദപുസ്തകം സാക്ഷിക്കുന്നു. (ദാനിയേൽ 7:1, എബ്രായ : 12:22, മത്തായി 26:53)

മാലാഖമാർ ദൈവതേജസ്സിനോട് ഏറ്റവും അടുത്ത സൃഷ്ടികളും, പൂർണ്ണതയിൽ ദൃശ്യസൃഷ്ടികളേക്കാൾ ശ്രേഷ്ടരുമാണ്. മനുഷ്യതേജസ്സിനേക്കാൾ ഉയർന്ന നിലയിലുള്ള തേജസ്സിനാൽ സൃഷ്ടിക്കപ്പെട്ടവരായതിനാൽ, മനുഷ്യരേക്കാൾ ബുദ്ധിശക്തിയും, അസാധാരണ കഴിവുകളും ഉള്ളവരാണ്. മാലാഖമാർ നാശമില്ലാത്തവരും, മരണമില്ലാത്തവരും ആകുന്നു. മാലാഖമാർ പ്രായഭേദവും, ലിംഗഭേദവും ഇല്ലാത്തവരും ആകുന്നു. ഇവർ വിവാഹം കഴിക്കുകയോ, വിവാഹത്തിന് കൊടുക്കപ്പെടുകയോ ഇല്ല എന്ന് കർത്താവ് സാക്ഷിക്കുന്നു. സ്വർഗ്ഗീയ മാലാഖമാർ സ്വതന്ത്രരായതിനാൽ നന്മയോടും, തിന്മയോടും ഒരുപോലെ അടുപ്പമുള്ളവർ ആകുന്നു. എങ്കിലും പരിശുദ്ധാത്മ സഹായത്താലും,

ദിവ്യതാൽപര്യത്താലും വിശുദ്ധന്മാരായി സ്ഥിതി ചെയ്യുന്നു. ദൈവത്തിനോട് ഏറ്റവും അടുത്ത സൃഷ്ടികൾ ആണെങ്കിലും, ദൈവപദ്ധതികളേക്കുറിച്ച് അറിവില്ലാത്താരും, ദൈവസഹായമില്ലാതെ സ്വയമായി അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവില്ലാത്തവരുമാകുന്നു.

പ്രധാന ദൗത്യങ്ങൾ

സ്വർഗ്ഗത്തിൽ മാലാഖമാർ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം ദർശിച്ച് കൊണ്ട് ദൈവത്തെ നിരന്തരം സ്തുതിച്ച് കൊണ്ടിരിക്കുന്നു. സർവ്വസൃഷ്ടികളുടേയും പ്രധാന ദൗത്യം തന്റെ സൃഷ്ടികർത്താവിനെ നിരന്തരം സ്തുതിക്കുക എന്നതാണ്. തന്മൂലം മാലാഖമാർ ദൈവത്തെ സ്തുതിക്കുകയും മനുഷ്യരോട് സ്തുതിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

വി വേദപുസ്തകത്തിൽ ദൈവത്തിന്റെ സന്ദേശവാഹകരായിട്ടാണ് മാലാഖമാർ പ്രധാനമായും പ്രത്യക്ഷപ്പെടുന്നത്. പഴയനിയമത്തിലും, പുതിയ നിയമത്തിലുമായി അനേകതവണ ദൈവദൂതൻ ദൈവസന്ദേശം മനുഷ്യർക്ക് നൽകുന്നതായി കാണുവാൻ സാധിക്കും. അവിശ്വാസികളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനും, മനുഷ്യമക്കളെ നേർവഴി നടത്തുന്നതിനും, ദൈവശിക്ഷയെപ്പറ്റി മുന്നറിയിപ്പ് നൽകുന്നതിനായും, മാലാഖമാർ പ്രത്യക്ഷപ്പെടുന്നതായി കാണാം. മനുഷ്യരുടെ പ്രാർത്ഥനകളും, യാചനകളും ദൈവത്തിന്റെ മുൻപിൽ സമർപ്പിക്കുന്നതിൽ മാലാഖമാർ പ്രഥമ പങ്ക് വഹിക്കുന്നു. നമ്മുടെ സൽപ്രവർത്തികളേയും, പ്രാർത്ഥനകളേയും ദൈവതിരുസന്നിധിയിൽ സമർപ്പിച്ച് നമുക്ക് ആവശ്യമായ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്ന് പ്രാപിച്ച് നമുക്ക് നൽകുമാറാക്കുന്നു.

ദൈവമക്കൾ ശത്രുക്കളുടെ കയ്യിൽ അകപ്പെടുമ്പോൾ ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് ശത്രുക്കളെ സംഹരിക്കുന്നു. ദൈവവിശ്വാസത്തിൽ ജീവിച്ച അബ്രഹാം, ഏലിശാ, ദാനിയേൽ, ലോത്ത് തുടങ്ങിയവരെ അപകടവേളകളിൽ ദൈവദൂതന്മാർ പരിപാലിക്കുന്നതായി തിരുവചനം സാക്ഷിക്കുന്നു. മാലാഖമാർ അപകടങ്ങളിൽ പെടാതെ മനുഷ്യമക്കളെ സംരക്ഷിക്കുകയും, അപകടത്തിൽ പെടുന്നവരെ യാതൊരു പോറലും, ഏൽക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നു. ദൈവദൂതന്മാർ രക്ഷ പ്രാപിപ്പാനുള്ളവരുടെ സേവകാത്മക്കളാണ്

പ്രധാനദൂതനായ മിഖായേലിന്റെ നേതൃത്വത്തിൽ ദൈവസേന നിരന്തരമായി സാത്താന്യ സേനയ്ക്കെതിരെ പോരാടിക്കൊണ്ടിരിക്കുന്നു. വിശ്വാസികളെ സംരക്ഷിക്കുന്നതോടൊപ്പം ദൈവത്തിനോട് അനുസരണക്കേട് കാണിക്കുന്നവരെ സംഹരിക്കുകയും, ശിക്ഷ നടപ്പാക്കുകയും ചെയ്യുന്നതും

മാലാഖമാരുടെ ദൗത്യമാണ്. മാലാഖമാർ യേശുവിന്റെ രണ്ടാമത്തെ വരവിൽ കർത്താവിനോട് കൂടെ പ്രത്യക്ഷപ്പെടുകയും, അന്ത്യവിധി നടത്തുന്ന അവസരത്തിൽ സാക്ഷികളായിരിക്കും എന്ന് തിരുവചനം സാക്ഷിക്കുന്നു.

2

മാലാഖമാരും ബൈബിളും

മാലാഖമാരെപ്പറ്റി വിശുദ്ധഗ്രന്ഥത്തിൽ ധാരാളമായി പ്രതിപാദിച്ചിരിക്കുന്നു. പഴയനിയമത്തിലും, പുതിയനിയമത്തിലും, മാലാഖമാരുടെ സാന്നിധ്യം നമുക്ക് ദർശിക്കാൻ സാധിക്കും. ആരാണ് മാലാഖമാർ, അവരുടെ ജോലി എന്താണ്, ദൈവത്തോടും, മനുഷ്യരോടുമുള്ള അവരുടെ ബന്ധം എന്താണ്, അവരുടെ രൂപം എങ്ങനെയാണ്, തുടങ്ങിയ വിവരങ്ങൾ നമുക്ക് ബൈബിളിൽ കാണാവുന്നതാണ്. പഴയനിയമത്തിൽ ഇരുന്നൂറിൽപരം തവണ മാലാഖമാരെപ്പറ്റി പരമാർശിക്കുമ്പോൾ, ഏകദേശം അത്ര തന്നെ തവണ പുതിയനിയമത്തിലും കാണുവാൻ നമുക്ക് സാധിക്കും. ഇതിൽ വെളിപ്പാട് പുസ്തകത്തിൽ തന്നെ എഴുപതിനടുത്ത് തവണ മാലാഖമാരെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

പഴയനിയമത്തിൽ, ദൈവഹിതം നിറവേറ്റുന്ന സേവകരായിട്ടാണ് മാലാഖമാർ പ്രത്യക്ഷപ്പെടുന്നത്. മനുഷ്യർക്ക് സംരക്ഷണവും, ശിക്ഷണവും നൽകാനും, ദൈവഹിതത്തിന് എതിരായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കാനും ദൈവം തന്റെ ദൂതന്മാരെ ഉപയോഗിക്കുന്നതായി കാണാം. മാലാഖമാരുടെ ഗണങ്ങളെപ്പറ്റിയും, അവരുടെ വ്യത്യസ്തങ്ങളായ ദൗത്യങ്ങളെപ്പറ്റിയും പഴയനിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

പുതിയനിയമത്തിൽ, ദൈവത്തിന്റെ സന്ദേശവാഹകരായിട്ടും, മനുഷ്യരുടെ സഹായകരുമായിട്ടാണ് മാലാഖമാർ പ്രത്യക്ഷപ്പെടുന്നത്. യേശുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെ വിവിധ സന്ദർഭങ്ങളിൽ മാലാഖമാരുടെ സാന്നിധ്യം നമുക്ക് ദർശിക്കാൻ സാധിക്കും. മാലാഖമാരുടെ സ്വഭാവത്തെയും, പ്രവർത്തനങ്ങളെയും പറ്റി യേശു തന്നെ ചില വിവരണങ്ങൾ പലപ്പോഴായി നൽകുന്നതായി പുതിയനിയമത്തിൽ നമുക്ക് കാണുവാൻ സാധിക്കും. യേശുവിന്റെ ജീവിതത്തിലെപ്പോലെ തന്നെ തന്റെ ശിഷ്യന്മാരുടെ ജീവിതത്തിലും മാലാഖമാരുടെ നിരന്തരമായ സഹായം ഉണ്ടായിരുന്നതായി പുതിയനിയമത്തിൽ വിവരിച്ചിരിക്കുന്നു.

2.1 മാലാഖമാർ പഴയനിയമത്തിൽ

❖ അബ്രഹാമും ദൈവദൂതനും

ദൈവ കൽപന അനുസരിച്ച് മോറിയ മലയിൽ തന്റെ പുത്രനായ ഇസഹാക്കിനെ ദൈവത്തിനുവേണ്ടി ബലി കഴിക്കുവാൻ തയ്യാറാകുന്ന അബ്രഹാമിന് ദൈവദൂതൻ പ്രത്യക്ഷനായി ബാലന്റെ മേൽ കൈ വയ്ക്കരുത് എന്ന് കൽപിക്കുന്നു. (ഉൽപ്പത്തി 22: 1–19)

❖ ഹാഗാറും മാലാഖയും

സാറായുടെ ദാസിയായിരുന്ന ഹാഗാർ, തന്റെ യജമാനത്തിയെ വിട്ട് അബ്രഹാമിന്റെ ഭവനത്തിൽ നിന്നും ഓടിപ്പോയപ്പോൾ, യഹോവയുടെ ദൂതൻ പ്രത്യക്ഷപ്പെട്ട് സാറായുടെ അടുത്തേക്ക് മടങ്ങിപ്പോകുവാൻ കൽപിക്കുന്നു. (ഉൽപ്പത്തി 16: 3–13)

❖ ലോത്തും ദൈവദൂതന്മാരും

യഹോവ സോദോം ഗോമോറ പട്ടണം നശിപ്പിക്കുമ്പോൾ, തന്റെ ദൂതന്മാരെ വിട്ട് നീതിമാനായ ലോത്തിനെ പട്ടണത്തിന് പുറത്ത് കൊണ്ടുപോയി രക്ഷിക്കുന്നു (ഉൽപ്പത്തി 19: 1–29)

❖ യാക്കോബും ദൂതന്മാരും

ബെഥേലിൽ രാപാർത്ത യാക്കോബിന്, ദൈവദൂതന്മാർ ഭൂമിയിൽ നിന്ന് സ്വർഗ്ഗം വരെയുള്ള കോവേണിയിൽ കൂടി കയറുകയും ഇറങ്ങുകയും, അതിനു മേലെ നിന്ന് യഹോവ യാക്കോബിനെ അനുഗ്രഹിക്കുകയും ചെയ്യുന്നതായി ദർശനം ഉണ്ടാകുന്നു. (ഉൽപത്തി 28:12)

❖ മോശയും മാലാഖമാരും

ദൈവത്തിന്റെ പർവ്വതമായ ഹോറേബിൽ വെച്ച് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട്, മോശയെ ദൈവത്തിന്റെ അടുക്കലേയ്ക്ക് നയിക്കുന്നു. യിസ്രായേൽ മക്കളെ മിസ്രയീമ്യരുടെ കയ്യിൽ നിന്നും വിടുവിക്കുവാൻ യഹോവ മോശയെ അവിടെ വെച്ച് ചുമതലപ്പെടുത്തുന്നു. (പുറപ്പാട് 3:1–5)

❖ ബിലെയാമും ദൈവദൂതനും

അമോര്യ ദേശം സംഹരിച്ച് കൈവശപ്പെടുത്തിയ യിസ്രായേൽ ജനം മോവാബ് ദേശത്ത് പാളയമിറങ്ങി. ഇതറിഞ്ഞ അത്യധികം ഭയപ്പെട്ട മോവാബ് രാജാവ് യിസ്രായേൽ ജനത്തിന്റെ കൈയ്യാൽ മോവാബ് നശിക്കാതിരിക്കാൻ യിസ്രായേൽ ജനത്തെ ശപിക്കുവാൻ ബിലയാമിനെ വിളിപ്പിച്ചു. മോവാബ് രാജാവായ ബാലാക്കിനുവേണ്ടി ഇസ്രയേൽ ജനത്തെ ശപിക്കുന്നതിന് പുറപ്പെടുന്ന ബിലെയാമിന് ദൈവദൂതൻപ്രത്യക്ഷപ്പെട്ട് യിസ്രായേൽ ജനത്തെ ശപിക്കുന്നതിൽ നിന്ന് തടയുന്നു (സംഖ്യാപുസ്തകം 22: 21–35)

❖ ശിംശോനും ദൈവദൂതനും

മനോഹയുടെ ഭാര്യ മച്ചിയായിരുന്നതിനാൽ പ്രസവിച്ചിരുന്നില്ല. യഹോവയുടെ ദൂതൻ പ്രത്യക്ഷപ്പെട്ട് അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസ

വിക്കും എന്നും അവൻ ഗർഭം മുതൽ ദൈവത്തിന് നാസീരായിരിക്കും എന്ന് ശിംശോന്റെ ജനനത്തേപ്പറ്റി അറിയിക്കുന്നു. (ന്യായാധിപന്മാർ 13 : 2–25)

❖ ഗിദയോനും മാലാഖമാരും

യിസ്രായേൽ മക്കൾ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തപ്പോൾ, യഹോവ അവരെ മിദ്യാന്യരുടെ കയ്യിൽ ഏൽപ്പിച്ചു. മിദ്യാന്യരുടെ കാഠിന്യം നിമിത്തം യിസ്രായേൽ മക്കൾ യഹോവയോട് നിലവിളിച്ചു. അപ്പോൾ ഗിദയോന് ദൈവദൂതൻ പ്രത്യക്ഷനായി, മിദ്യാന്യരുടെ കൈയ്യിൽ നിന്നും യിസ്രായേലിനെ രക്ഷിക്കുന്നതിന് കൽപിക്കുന്നു (ന്യായാധിപന്മാർ 6: 11–22)

❖ ഏലിയാ പ്രവാചകനും ദൈവദൂതനും

ഇസബേൽ രാജ്ഞിയുടെ ഭീഷണിമൂലം, ബേർ ശേബയിലെ ഒരു മരുഭൂമിയിൽ എത്തി വിശ്രമിച്ച ഏലിയാവിന് അപ്പവും, വെള്ളവും നൽകി അവിടെനിന്ന് രക്ഷപെടുവാൻ കർത്താവിന്റെ ദൂതൻ നിർദ്ദേശിക്കുന്നു. (1 രാജാക്കന്മാർ 19: 3–8)

❖ യെശയ്യാ പ്രവാചകനും മാലാഖമാരും

ആറാറ് ചിറകുകളുള്ള സെറാഫുകൾ യഹോവയെ സ്തുതിക്കുന്ന കാഴ്ച്ച കണ്ട യെശയ്യാവ്, താൻ ശുദ്ധിയില്ലാത്ത അധരമുള്ളതിനാൽ നശിച്ചു പോകുമെന്നു ദൈവത്തോട് നിലവിളിക്കുന്നു. അപ്പോൾ യഹോവയുടെ ദൂതനായ സെറാഫ് യെശയ്യാവിന് പ്രത്യക്ഷപ്പെട്ട് തീക്കനൽ കൊണ്ട് ശുദ്ധീകരിച്ച് പാപമോചനം നൽകുന്നു. (യെശയ്യാവ് 6: 1–10)

❖ യെഹസ്കേൽ പ്രവാചകനും ദൂതന്മാരും

കെബാർ നദിതീരത്ത് പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ യഹോവ തന്റെ ദൂതനായ കെരൂബിന്റെ രൂപം യെഹസ്ക്കേൽ പ്രവാചകന് വെളിപ്പെടുത്തിക്കൊടുക്കുന്നു. (യെഹസ്ക്കേൽ 1: 4–28)

❖ ദാനിയേൽ പ്രവാചകനും മാലാഖയും

മുപ്പത് ദിവസത്തേക്ക് രാജാവിനോടല്ലാതെ മറ്റാരോടും അപേക്ഷ കഴിക്കരുതെന്ന രാജകൽപന ലംഘിച്ച ദാനിയേലിനെ ദാര്യാവേശ് രാജാവ് സിംഹക്കുഴിയിൽ എറിയുന്നു. യഹോവ തന്റെ ദൂതന്മാരെ അയച്ച് ദാനിയേലിനെ സിംഹക്കുഴിയിൽ നിന്ന് സംരക്ഷിക്കുന്നു. (ദാനിയേൽ 6 : 1–25)

2.2 മാലാഖമാർ പുതിയനിയമത്തിൽ

❖ സെഖര്യാവ് പുരോഹിതനും മാലാഖയും

സെഖര്യാവ് പുരോഹിതനും ഭാര്യയായ എലിശബേത്തും ദൈവ സന്നിധിയിൽ നീതിയുള്ളവരും, കർത്താവിന്റെ കൽപനകളിലും ന്യായ

ങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരുമായിരുന്നു. ഏലിശബേത്ത് മച്ചിയായിരുന്നതിനാൽ അവർക്ക് മക്കൾ ഇല്ലായിരുന്നു. സെഖര്യാവ് പുരോഹിതൻ ദൈവമന്ദിരത്തിൽ ധൂപം അർപ്പിക്കുന്ന അവസരത്തിൽ, മാലാഖ പ്രത്യക്ഷപ്പെട്ട് സെഖര്യാവിന്റെ പ്രാർത്ഥനയ്ക്ക് ഫലമായി എലിശ ബേത്ത് ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് യോഹന്നാൻ എന്ന് പേർ വിളിക്കേണം എന്ന് അറിയിക്കുന്നു. (വി ലൂക്കോസ് 1: 5–25)

❖ പ കന്യകമറിയാമും മാലാഖയും

ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്ന പ. കന്യകമറിയാമിന്റെ അടുത്ത് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട്, കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും, അവന് യേശു എന്ന് പേർ ഇടണം എന്ന് സകല ജനത്തിന്റെയും രക്ഷകനായ കർത്താവിന്റെ ജനനത്തെപ്പറ്റി അറിയിക്കുന്നു. (വി ലൂക്കോസ് 1: 27–38)

❖ ജോസഫ് പിതാവും മാലാഖയും

പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ മറിയയെ രഹസ്യമായി ഉപേക്ഷിക്കുവാൻ ഭാവിച്ച ജോസഫിന് ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷനായി, മറിയയെ ചേർത്ത് കൊള്ളുകയും, മറിയം പ്രസവിക്കുന്ന മകന് യേശു എന്ന പേർ വിളിക്കുകയും ചെയ്യണമെന്ന് നിർദ്ദേശം നൽകുന്നു. (വി മത്തായി 1: 18–24)

❖ ആട്ടിടയന്മാരും മാലാഖമാരും

ആട്ടിൻകൂട്ടത്തെ കാവൽകാത്ത് പാർത്തിരുന്ന ആട്ടിടയന്മാർക്ക് മാലാഖ പ്രത്യക്ഷപ്പെട്ട്, കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു എന്ന സന്ദേശം നൽകുന്നു (വി ലൂക്കോസ് 2: 8–15)

❖ യേശുവും മാലാഖമാരും

ക്രൂശുമരണമാകുന്ന പാനപാത്രം തന്നിൽ നിന്ന് നീക്കണം എന്ന് ഒലിവ് മലയിൽ പ്രാർത്ഥിച്ച കർത്താവിനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ദൈവദൂതൻ പ്രത്യക്ഷനാകുന്നു. (വി ലൂക്കോസ് 22:43)

❖ മഗ്ദലനമറിയാമും മാലാഖയും

കർത്താവിന്റെ കല്ലറ കാണുവാൻ പോയ മറിയയെ, ദൈവദൂതൻ ഉയർത്തെഴുന്നേറ്റ കർത്താവിനെപ്പറ്റി അറിയിക്കുകയും, മുമ്പ് യേശു ഗലീലയിൽ ഇരിക്കുമ്പോൾ തന്റെ ക്രൂശുമരണത്തിനു ശേഷം മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും എന്നു പറഞ്ഞ വചനം ഓർപ്പിക്കുകയും ചെയ്യുന്നു. (വി ലൂക്കോസ് 24: 1–10)

❖ കർത്താവിന്റെ സ്വർഗ്ഗാരോഹണം

സ്വർഗ്ഗാരോഹണം ചെയ്ത യേശു, സ്വർഗ്ഗത്തിലേക്ക് പോയതുപോലെ വീണ്ടും വരും എന്ന്, കർത്താവിന്റെ സ്വർഗ്ഗാരോഹണം ദർശിച്ച് നിന്നിരുന്ന ഗലീല പുരുഷന്മാരോട്, ദൈവദൂതന്മാർ അറിയിക്കുന്നു. (അപ്പോ. പ്രവൃത്തികൾ 1: 10–11)

❖ പത്രോസ് ശ്ലീഹായും മാലാഖയും

ഹെരോദ് രാജാവിനാൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന പ. പത്രോസ് ശ്ലീഹായെ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് രക്ഷിച്ച് പട്ടണത്തിന് പുറത്ത് എത്തിക്കുന്നു. (അപ്പോ. പ്രവൃത്തികൾ 12: 3–14)

❖ ഫിലിപ്പോസും മാലാഖയും

യേരുശലേമിൽനിന്ന് ഗാസയിലേക്കുള്ള യാത്രയിൽ, എത്യോപ്യക്കാരനായ ഷണ്ഡന് ദൈവവചനം വ്യാഖ്യാനിച്ച് കൊടുക്കുന്നതിനായി കർത്താവിന്റെ ദൂതൻ ഫീലിപ്പോസിനോട് നിർദ്ദേശിക്കുന്നു. (അപ്പോ. പ്രവൃത്തികൾ 8:26)

❖ പൗലോസ് ശ്ലീഹായും മാലാഖയും

റോമിലേക്കുള്ള കപ്പൽ യാത്രയിൽ, കപ്പൽ മുങ്ങി തകർന്നു പോകുമെന്നും, എന്നാൽ ആർക്കും ജീവഹാനി സംഭവിക്കുകയില്ല എന്നും പൗലോസിനെ ദൈവദൂതൻ അറിയിക്കുന്നു. (അപ്പോ. പ്രവൃത്തികൾ 27: 21–25)

❖ കൊർന്നല്യോസും മാലാഖയും

ഭക്തനും, ദൈവത്തെ ഭയപ്പെടുന്നവനും, ജനത്തിന് വളരെ ധർമ്മം കൊടുത്തും, എപ്പോഴും ദൈവത്തോട് പ്രാർത്ഥിച്ചും പാർത്തിരുന്ന കൊർന്നല്യോസ് എന്ന ശതാധിപന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട്, പത്രോസ് ശ്ലീഹായെ തന്റെ ഗൃഹത്തിലേക്ക് ക്ഷണിച്ച് ദൈവവചനം ശ്രവിക്കുവാൻ നിർദേശം നൽകുന്നു. (അപ്പോ. പ്രവൃത്തികൾ 10: 3–8)

❖ വി. യോഹന്നാനും മാലാഖയും

പത്മോസ് ദ്വീപിലേക്ക് നാട് കടത്തപ്പെട്ട വി. യോഹന്നാന്. കർത്താവ് തന്റെ ദൂതനെ അയച്ച് വരുവാനിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു. (വെളിപാട് 1: 1–3)

2.3 മാലാഖമാരുടെ പേരുകൾ ബൈബിളിൽ

മാലാഖമാരെപ്പറ്റി അനേകതവണ വിശുദ്ധഗ്രന്ഥത്തിൽ പരാമാർശിക്കുന്നുവെങ്കിലും, അവയിൽ ചില പേരുകൾ മാത്രമെ നമുക്ക് ലഭ്യമായിട്ടുള്ളു.

അവ മിഖായേൽ, ഗബ്രിയേൽ എന്നിവയാണ്. ഇവരെക്കൂടാതെ അപ്രമാണികഗ്രന്ഥങ്ങളിൽ റപ്പായേൽ, ഊറിയേൽ, ജെറമിയേൽ, റെഗുവേൽ, സിറിയേൽ എന്നീ മാലാഖമാരേപ്പറ്റിയും പരമാർശിച്ചിരിക്കുന്നു.

ഗബ്രിയേൽ മാലാഖാ

"ഗബ്രിയേൽ" എന്ന ഹീബ്രു പദത്തിന്റെ അർത്ഥം "ദൈവത്തിന്റെ ശക്തൻ" എന്നാണ്. ദൈവത്തിന്റെ പ്രത്യേക സന്ദേശവാഹകൻ ആയിട്ടാണ് ഗബ്രിയേൽ മാലാഖ അറിയപ്പെടുന്നത്. വിശുദ്ധ വേദപുസ്തകത്തിൽ ദാനിയേൽ പ്രവാചകൻ, സെഖര്യാവ് പുരോഹിതൻ, പ. കന്യകമറിയാം, എന്നിവർക്ക് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെടുന്നതായി കാണുവാൻ സാധിക്കും.

അന്ത്യകാലത്തെപ്പറ്റിയുള്ള ദർശനം ദാനിയേലിന് വെളിപ്പെടുത്തിക്കൊടുക്കുന്നതിനായി ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെടുന്നു. യോഹന്നാൻ സ്നാപകന്റെ ജനനത്തെപ്പറ്റി, സെഖര്യാവ് പ്രവാചകനും, രക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തേപ്പറ്റി പ. കന്യകമറിയാമിനും വെളിപ്പെടുത്തി കൊടുക്കുന്നതിനായി ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെടുന്നു. (ലൂക്കോസ് 1:26–38)

മിഖായേൽ മാലാഖ

മിക്ക–ഏൽ എന്ന ഹീബ്രു പദത്തിന്റെ അർത്ഥം "ദൈവത്തേപ്പോലെ ആരാണുള്ളത്" എന്നാണ്. യിസ്രായേൽ ജനത്തിന്റെ മദ്ധ്യസ്ഥനായും, സംരക്ഷകനായും, സ്വർഗ്ഗത്തിലെ പ്രധാനദൂതനായും ആണ് മിഖായേൽ മാലാഖ വിശുദ്ധ വേദപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നത്. ബൈബിളിൽ അഞ്ചു തവണ മിഖായേൽ മാലാഖയെപ്പറ്റി പരമാർശിച്ചിരിക്കുന്നു.

ദാനിയേൽ പ്രവാചകന്റെ കാവൽദൂതനായും (ദാനിയേൽ 10:13), മോശയുടെ ശരീരത്തിന്റെ അവകാശത്തെച്ചൊല്ലി പിശാചിനോട് തർക്കിക്കുന്നതായും (യൂദാ 1:9), സാത്താനോട് എതിരിടുന്ന സ്വർഗ്ഗീയ സേനയെ നയിക്കുന്നതായും നമുക്ക് വേദപുസ്തകത്തിൽ കാണുവാൻ സാധിക്കും. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ പ്രധാന ദൂതനായ മിഖായേൽ കാഹളം മുഴക്കും, അപ്പോൾ ക്രിസ്തുവിൽ മരണമടഞ്ഞവർ ഉയർത്തെഴുന്നേൽക്കുമെന്നും വേദപുസ്തകം വിവരിക്കുന്നു,

3

മാലാഖമാർ ആരാധനയിൽ

പ സഭയുടെ ആരാധനയിൽ മാലാഖമാർക്ക് അതുല്യ സ്ഥാനമാ ണുള്ളത്. ഓരോ ആരാധനയിലും ദൃശ്യസൃഷ്ടികളോടൊപ്പം അദൃശ്യ സൃഷ്ടികളും പങ്കെടുക്കുന്നു. മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം തന്നെ സൃഷ് ടാവായ ദൈവത്തിന് സ്തുതി അർപ്പിക്കുക എന്നതാണ്. ആദ്യമനു ഷ്യനായ ആദാം പാപം ചെയ്തതുമൂലം മനുഷ്യന് നഷ്ടപ്പെട്ടു പോയ ദൈവ തേജസ് വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് ദൈവം തന്റെ പുത്രനെ ഭൂമിയി ലേക്ക് അയച്ചത്. യേശുക്രിസ്തു മൂലം വീണ്ടെടുപ്പ് ലഭിച്ച മനുഷ്യർക്ക് മാലാഖ മാർക്ക് ഒപ്പം സ്ഥാനം ലഭിച്ചു. മാലാഖമാർ തന്റെ സൃഷ്ടികർത്താവിനെ സ്തുതിക്കുന്നതു പോലെ മനുഷ്യവർഗ്ഗവും തന്റെ സൃഷ്ടികർത്താവിനെ വാഴ്ത്തി സ്തുതിക്കുവാനുള്ള ഒരു മാർഗ്ഗമാണ് ഓരോ ആരാധനയും.

ശുശ്രൂഷകർ

ആരാധനാസമയം മദ്ബഹായിൽ ശുശ്രൂഷിക്കുന്ന ശെമ്മാശന്മാരും, ശുശ്രൂഷകരും സ്വർഗ്ഗീയ ശുശ്രൂഷകരായ മാലാഖമാരെയാണ് പ്രതി നിധാനം ചെയ്യുന്നത്. വി കുർബ്ബാനാ സമയം മദ്ബഹായിൽ കാണുന്ന ശുശ്രൂഷകരുടെ രണ്ട് നിരകൾ മാലാഖവൃന്ദങ്ങളെയാണ് സൂചിപ്പി ക്കുന്നത്. ആരാധനവേളകളിൽ മാലാഖമാരുടെ സാന്നിധ്യത്തെ സൂചിപ്പി ക്കുന്നതിനായി മർവഹ്സായും, കൈമണികളും കിലുക്കുന്നു. മർവഹ്സാ കിലുക്കുന്ന ശുശ്രൂഷകർ, ദൈവസന്നിധിയിൽ സദാസമയം സ്തുതിച്ച് കൊണ്ടിരിക്കുന്ന സെറാഫുകളുടെ പ്രതിരൂപമാണ്.

മർവഹ്സാ

രണ്ട് വശങ്ങളിലും മാലാഖമാരുടെ രൂപം മുദ്രണം ചെയ്ത് മണികളോട് കൂടിയ വൃത്താകൃതിയിലുള്ള ഒരു ലോഹത്തകിടാണ് മർവഹ്സാ. സ്വർഗ്ഗീയ സിംഹാസനത്തിൻ മുമ്പാകെ നിന്ന് കൊണ്ട് പരിശുദ്ധൻ എന്ന് ആർത്തട്ടഹസിക്കുന്ന ആറാറു ചിറകുകളുള്ള മാലാഖമാരായ സ്രോപ്പേന്മാരെ പ്രതിനിധാനം ചെയ്യുന്നു. മർവഹ്സയുടെ ശബ്ദം അവരുടെ സ്തുതിപ്പുകളായും ചിറകടി ശബ്ദമായും വ്യാഖ്യാനിച്ചിരിക്കുന്നു.

മെഴുകുതിരി

ആരാധനയിൽ ഉപയോഗിക്കുന്ന മെഴുകുതിരികൾക്ക് വ്യത്യസ്തമായ അർത്ഥങ്ങൾ ആണ് ഉള്ളത്. ഏവൻഗേലിയോൻ വായിക്കുമ്പോൾ കത്തിച്ച് പിടിക്കുന്ന രണ്ട് തിരികളും, നമസ്ക്കാര മേശയിൽ സ്ഥാപിച്ചിരിക്കുന്ന രണ്ട് തിരികളും അഗ്നിവാളുകളുമായി പറുദീസയ്ക്ക് കാവൽ നിൽക്കുന്ന ക്രോബേന്മാരെ പ്രതിനിധീകരിക്കുന്നു.

1. പരസ്യശുശ്രൂഷ

മനുഷ്യാവതാര ശുശ്രൂഷ

വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ ധൂപകലശം വീശി ക്കൊണ്ട് പട്ടക്കാരനും, മെഴുകുതിരി പിടിച്ച് കൊണ്ട് പ്രധാന ശുശ്രൂഷകനും, മറ്വഹ്സാ കിലുക്കി കൊണ്ട് രണ്ട് ശുശ്രൂഷകരും ത്രോണോസിനെ വലം വെയ്ക്കുന്നു. സർവ്വജനത്തിൻെറയും രക്ഷയ്ക്ക് വേണ്ടി യേശുക്രിസ്തു ഭൂമിയിൽ അവതരിച്ച രംഗം ആണ് ഇവിടെ നാം സ്മരിക്കുന്നത്. സ്വർഗ്ഗ ത്തിലും, ആകാശത്തിലും നിന്ന് കൊണ്ട് കർത്താവിൻെറ ജനനം നേരിൽക്കണ്ട് മാലാഖമാരുടെ വൃന്ദങ്ങൾ നടത്തിയ സ്തുതിപ്പുകളെയാണ് ഈ സമയത്ത് കേൾക്കുന്ന മറ്വാസായുടെയും, മണികളുടെയും ശബ്ദം സൂചിപ്പിക്കുന്നത്.

കർത്തൃ സ്തുതി

"ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന് തുടങ്ങുന്ന പ്രാർത്ഥനയാണ് കർത്തൃ സ്തുതി. കർത്താവിൻെറ കബറടക്കസമയത്ത് സ്വർഗ്ഗീയ ദൂത ന്മാർ കർത്തൃ സ്തുതികൾ പാടുകയും, അപ്പോൾ ജോസഫും, നിക്കോദി മോസും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് ഏറ്റു പാടിയതായും പ. സഭ വിശ്വസിക്കുന്നു. പ സഭയുടെ എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നത് ഈ കർത്തൃ സ്തുതി കളോടെയാണ്

ഏവൻഗേലിയോൻ വായന

ഏവൻഗേലിയോൻ വായന ദൈവം നമ്മുടെ മുമ്പാകെ നിന്ന് കൊണ്ട് നമ്മെ അറിയിക്കുന്ന സന്ദേശമാണ്. ഏവൻഗേലിയോൻ വായിക്കുമ്പോൾ കത്തിച്ച് പിടിക്കുന്ന മെഴുകുതിരികൾ, ജീവൻെറ വൃക്ഷവും, നന്മതി ന്മകളേപ്പറ്റിയുള്ള അറിവിൻെറ വൃക്ഷവും കാത്ത് കൊണ്ട് അഗ്നി വാളുകളുമായി നിൽക്കുന്ന കെരൂബുകളെ പ്രതിനിധീകരിക്കുന്നു. ഏവൻ ഗേലിയോൻ വായിക്കുമ്പോൾ കിലുക്കുന്ന മണിയും, മറ്വാഹ്സയും

കർത്താവിന്റെ മനുഷ്യാവതാരത്തിൽ അനുഗമിച്ച സ്വർഗ്ഗീയസേനകളെ സ്മരിക്കുന്നു.

ധൂപകലശ വാഴ്വ്

പുരോഹിതൻ, ത്രിത്വ സ്തുതികൾ ചൊല്ലിക്കൊണ്ട് ധൂപക്കുറ്റി വാഴ്ത്തിയതിനുശേഷം, സഭയ്ക്ക് വേണ്ടിയും, പിതാക്കന്മാർക്ക് വേണ്ടിയും, നേതാക്കന്മാർക്ക് വേണ്ടിയും, മരിച്ച് പോയ സകല വിശ്വാസികൾക്ക് വേണ്ടിയും ത്രിത്വത്തിനോട് അപേക്ഷിച്ച് കൊണ്ട് ധൂപം കാട്ടുന്നു. ദൈവദൂതൻ ദൈവസിംഹാസനത്തിൻ മുമ്പാകെ സമർപ്പിക്കുന്ന വിശ്വാസികളുടെയും, വിശുദ്ധന്മാരുടെയും പ്രാർത്ഥനയെ ഇവിടെ സ്മരിക്കുന്നു.

2. വിശ്വാസികളുടെ ക്രമം

ശോശപ്പാ ആഘോഷം

ശോശപ്പാ ആഘോഷിക്കുന്നത്, കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് കിലുക്കുന്ന മറ്വാഹ്സയും, മണികളും, കർത്താവ് സ്നാനം ഏറ്റ് പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ സന്തോഷിച്ച സ്വർഗ്ഗീയ സേനകളെ സൂചിപ്പിക്കുന്നു.

വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷം

പട്ടക്കാരൻ വിശുദ്ധ രഹസ്യങ്ങളുടെ മേൽ കൈ ആവസിപ്പിക്കുന്നതിനു മുമ്പായി നമ്മുടെ ബോധങ്ങളും വിചാരങ്ങളും ദൈവമുമ്പാകെ സമർപ്പിക്കുന്നതിന് ആഹ്വാനം ചെയ്യുന്നു. തിരുശരീരരക്തങ്ങൾ ഇരിക്കുന്ന ത്രോണോസ് സ്വർഗ്ഗീയ സിംഹാസനമാണെന്ന് ഈ ആഹ്വാനം നമ്മെ ഓർമ്മിപ്പിക്കുന്നു. രഹസ്യങ്ങളുടെമേൽ ആവസിപ്പിക്കുന്ന പട്ടക്കാരന്റെ കൈ, ആറാറ് ചിറകുള്ള സെറാഫുകളും, മറ്റ് സ്വർഗ്ഗീയ സൈന്യങ്ങളും സൃഷ്ടാവിനെ പറന്ന് സ്തുതിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഈ സമയത്ത് സ്വർഗ്ഗീയ സിംഹാസനത്തിൻ മുമ്പാകെ നടത്തുന്ന സ്തുതികൾ നാം ഏറ്റുപാടുകയും, സ്വർഗ്ഗീയ മാലാഖമാർ നടത്തുന്ന സ്തുതിപ്പുകളോടൊപ്പം നമ്മുടെ സ്തുതികൾ ദൈവസിംഹാസനത്തിൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു. ഈ സമയത്ത് കിലുക്കുന്ന മറ്വാഹ്സായും, മണികളും, സ്വർഗ്ഗീയ സിംഹാസനത്തിൻ മുമ്പാകെ പാടുന്ന മാലാഖമാരെ സൂചിപ്പിക്കുന്നു.

സ്വർഗ്ഗാരോഹണ ശുശ്രൂഷ

സ്വർഗ്ഗാരോഹണ ശുശ്രൂഷ നടക്കുമ്പോൾ രണ്ട് ശുശ്രൂഷകർ കത്തുന്ന മെഴുകുതിരിയോടുകൂടി ത്രോണോസിന് ഇടതും വലതുമായി വി രഹസ്യങ്ങളെ അഭിമുഖീകരിച്ച് നിൽക്കുകയും മറ്റ് ശുശ്രൂഷകർ മർവ ഹ്സായും മണിയും കിലുക്കുകയും ചെയ്യുന്നു. കത്തിച്ച് പിടിച്ചിരിക്കുന്ന രണ്ട് തിരികൾ സ്വർഗ്ഗാരോഹണ സമയത്ത് പ്രത്യക്ഷപ്പെട്ട രണ്ട് ദൈവ ദൂതന്മാരെ സൂചിപ്പിക്കുന്നു. മാനവരാശിയെ തന്റെ രക്തത്താൽ വീണ്ടെ ടുത്ത് പിതാവിന്റെ സന്നിധിയിലേക്ക് പുത്രൻ തമ്പുരാൻ തിരിച്ചെഴുന്ന ള്ളിയതിൽ സ്വർഗ്ഗീയ സേനകൾക്കുണ്ടായ സന്തോഷത്തെ സൂചിപ്പിക്കു ന്നതിനാണ് ഈ സമയത്ത് മർവാഹ്സയും, മണിയും കിലുക്കുന്നത്.

രണ്ടാമത്തെ വരവ്

കുർബ്ബാനാ അനുഭവത്തിന് ശേഷം പട്ടക്കാരൻ കാസയും പീലാസായും പടിഞ്ഞാറോട്ട് എഴുന്നള്ളിച്ച് കൊണ്ട് വരുന്നു. ഈ സമയം ശുശ്രൂഷകർ മെഴുകുതിരികൾ കത്തിച്ച് പിടിക്കുകയും, മർവാഹ്സാ, പള്ളിമണികൾ എന്നിവ കിലുക്കുകയും ചെയ്യുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഈ സമയത്ത് കത്തിച്ച് പിടിക്കുന്ന മെഴുകുതിരികൾ മാലാഖമാരുടെയും, പരിശുദ്ധന്മാരുടെയും നിരകളേയും, പള്ളിമണികൾ ദൂതന്മാരുടെ കാഹളശബ്ദത്തേയും, മർവാഹ്സാ സെറാഫുകളുടെ ചിറകു കളേയും പ്രതിനിധീകരിക്കുന്നു. ഭൂമിയിൽ വീണ്ടും എഴുന്നെള്ളുന്ന മശിഹാ രാജത്വം പ്രാപിച്ച് സാത്താനെയും സൈന്യത്തെയും നിത്യാഗ്നിയിലേക്ക് തള്ളിയിടുമെന്ന് നാം വിശ്വസിക്കുന്നു,

4

മാലാഖവൃന്ദം

വി. വേദപുസ്തകമനുസരിച്ച് വ്യത്യസ്തമായ ദൗത്യങ്ങൾ ഉള്ള അനേക ഗണം മാലാഖമാർ ഉള്ളതായി നമുക്ക് കാണുവാൻ സാധിക്കും. മാലാ ഖമാരുടെ അധികാരപരിധി അനുസരിച്ച്, വേദശാസ്ത്രജ്ഞന്മാർ മാലാഖ മാരെ ഒൻപത് ഗണങ്ങളിലായി തരം തിരിച്ചിരിക്കുന്നു.

അറിയോപഗൈറ്റ് മാർ ദിവന്നാസിയോസിന്റെ അഭിപ്രായപ്രകാരം, മാലാഖമാർ സൃഷ്ടിക്കപ്പെട്ടതിനുശേഷം ക്രമീകരിച്ച് വേർതിരിക്കപ്പെട്ട വരാണ്. മൂന്നാം നിരയിലുള്ള മാലാഖമാരായി എല്ലാവരെയും സൃഷ്ടിക്ക പ്പെട്ടതിനുശേഷം, അവരിൽനിന്ന് രണ്ടാം നിരയേയും, രണ്ടാം നിരയിൽ നിന്ന് ഒന്നാം നിരയേയും ക്രമീകരിച്ചു. അതിനുശേഷം ഓരോ നിരയിൽ നിന്നും മുമ്മൂന്ന് വൃന്ദങ്ങളെ ക്രമീകരിച്ച് വേർതിരിച്ചു. അങ്ങനെ മൂന്ന് സംഘങ്ങളിലുള്ള ഒൻപത് വൃന്ദം മാലാഖമാർ ദൈവതേജസിനു ചുറ്റുമായി നിയമിക്കപ്പെട്ടു.

വിവിധ ഗണങ്ങളിലുള്ള മാലാഖമാർ എല്ലാവരും പൊതുവെ മാലാ ഖമാർ എന്ന് വിളിക്കപ്പെടുന്നു. ഒൻപത് വൃന്ദം മാലാഖമാരും ദൈവതേ ജസിന് ചുറ്റും നിരന്തരമായി ചലിച്ച് ദൈവത്തെ സ്തുതിച്ചു കൊണ്ടി രിക്കുന്നു. മേൽനിരയിലുള്ള മാലാഖവൃന്ദം താഴെയുള്ള മാലാഖവൃന്ദങ്ങളെ നിയന്ത്രിക്കുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ദൈവതേ ജസ്സിനോടടുത്ത് നിൽക്കുന്നതിനാൽ മേലുള്ള മാലാഖമാർ ഏറ്റവും പ്രകാ ശിക്കുകയും, ആ പ്രകാശത്താൽ കീഴുള്ള മാലാഖമാർ പ്രകാ ശിക്കപ്പെടുകയും ചെയ്യുന്നു.

4.1 നവവൃന്ദം മാലാഖമാർ

മാലാഖമാർ വിവിധ ഗണം ഉള്ളതായി പിതാക്കന്മാർ നമ്മെ പഠി പ്പിക്കുന്നു. പ സുറിയാനി സഭ അറിയോപഗൈറ്റ് മാർ ദിവന്നാ സിയോസ് നൽകിയിരിക്കുന്ന നവവൃന്ദം മാലാഖമാരുടെ ക്രമം ആണ് അംഗീകരിക്കുന്നത്. മാർ ദിവന്നാസിയോസിന്റെ പഠനമനുസരിച്ച് മാലാഖമാർ ഒൻപത് വൃന്ദങ്ങളിലായി ദൈവസന്നിധിയിൽ നിലനിൽക്കുന്നു. ഏറ്റവും മുകളിലുള്ള സ്രോപ്പേന്മാർ മുതൽ, ഏറ്റവും താഴെയുള്ള മാലാഖമാർ വരെ മുമ്മൂന്ന് വൃന്ദങ്ങൾ ഉൾപ്പെടുന്ന മൂന്ന് നിരകളിലായി ദൈവസന്നിധിയിൽ നിരന്തരം ചലിച്ച് കൊണ്ടിരിക്കുന്നതായി മാർ ദിവന്നാസിയോസ് വിവരിക്കുന്നു.

മാർ ദിവന്നാസിയോസിന്റെ അഭിപ്രായത്തിൽ സ്രോപ്പേന്മാർ, ക്രോബേന്മാർ, ഹൈലേവോസേന്മാർ എന്നിവർ ഒന്നാമത്തെ നിരയിലും, മോറാവോസേന്മാർ, മൗത്ത്ബേന്മാർ, ശുൽത്തോനേന്മാർ എന്നിവർ രണ്ടാമത്തെ നിരയിലും, റീശേവോസേന്മാർ, റീശേമാലാഖമാർ, മാലാഖമാർ മൂന്നാമത്തെ നിരയിലുമായി കാണപ്പെടുന്നു.

4.1.1 സ്രോപ്പേൻമാർ

സെറാഫ് എന്ന എബ്രായപദത്തിന്റെ അർത്ഥം "എരിയുന്നവർ" എന്നാണ്. ദൈവസിംഹാസനത്തിന്റെ ഏറ്റവും അടുത്ത് നിന്ന് കൊണ്ട് ദൈവമഹത്വം പ്രഘോഷിക്കുന്ന ദൈവദൂതന്മാരാണ് സ്രോപ്പേന്മാർ അഥവാ സെറാഫുകൾ. ദൈവസ്നേഹത്തിൽ കത്തി ജ്വലിച്ചു കൊണ്ടിരിക്കുന്നതിനാലാണ് ഇവർ സെറാഫുകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

യെശയ്യാപ്രവാചകനുണ്ടായ ദർശനമനുസരിച്ച്, ഓരോ സെറാഫുകൾക്കും ആറാറ് ചിറകുകൾ ഉണ്ട്. രണ്ട് ചിറകുകൾ കൊണ്ട് മുഖം മൂടുകയും, രണ്ട് കൊണ്ട് കാൽ മൂടുകയും, രണ്ട് കൊണ്ട് പറക്കുകയും ചെയ്യുന്നു. "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു" എന്ന് പരസ്പരം ആർത്ത് ദൈവത്തെ സ്തുതിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ ആർക്കുന്ന ശബ്ദത്താൽ ആലയം പുക കൊണ്ട് നിറയുകയും, ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങുകയും ചെയ്യുന്നു. (യെശയ്യാവ് 6:2–7)

ദൈവതേജസ്സിനോട് ഏറ്റവും അടുത്ത് നിൽക്കുന്നതിനാൽ, ദൈവപ്രഭയിൽ തങ്ങളുടെ മുഖവും, കാലുകളും നശിച്ച് പോകാതിരിക്കുന്നതിനായാണ് ചിറകുകൾ കൊണ്ട് മുഖവും, പാദങ്ങളും മറച്ചിരിക്കുന്നത് എന്ന് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. സെറാഫുകളെ സൂചിപ്പിക്കുവാൻ വയലറ്റ് നിറം ഉപയോഗിക്കുന്നു.

വേദപുസ്തക അടിസ്ഥാനം

1. യെശയ്യാവ് 6:2

സാറാഫുകൾ അവനു ചുറ്റും നിന്നു. ഓരോരുത്തന് ആറാറ് ചിറകുണ്ടായിരുന്നു. രണ്ടുകൊണ്ട് അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടു കൊണ്ടു പറന്നു.

4.1.2 ക്രോബേൻമാർ

നവവ്യന്ദം മാലാഖമാരിൽ ഒന്നാം നിരയിൽ രണ്ടാം സ്ഥാനത്തുള്ള മാലാഖമാരാണ് ക്രോബേന്മാർ അഥവാ കെരൂബുകൾ. കെരൂബുകൾ യഹോവയുടെ വാസസ്ഥലമായും, വാഹനമായും, യഹോവയുടെ വിശുദ്ധ

സ്ഥലങ്ങളുടെ കാവൽക്കാരായും വി വേദപുസ്തകത്തിൽ നമുക്ക് കാണുവാൻ സാധിക്കും. "യഹോവയുടെ മഹത്വം സ്വസ്ഥലത്ത് നിന്ന് അനുഗ്രഹിക്കുമാറാകട്ടെ" എന്ന് നിരന്തരം സ്തുതിച്ച് കൊണ്ടിരിക്കുന്നു.

യെഹസ്ക്കേൽ പ്രവാചകന് കെബാർ നദിതീരത്ത് വെച്ച് ഉണ്ടായ ദർശനമനുസരിച്ച് കെരൂബുകൾക്ക് നാല് മുഖവും, നാല് ചിറകുകളും ഉണ്ടായിരുന്നു. ഒരോ മുഖത്തിനും സിംഹം, കാള, കഴുകൻ, മനുഷ്യൻ, എന്നീ ജീവികളുടെ മുഖങ്ങളോട് സമാനമായിരുന്നു. മനുഷ്യസാദൃശമുള്ള അവയുടെ കാലുകൾ നേരെയുള്ളതും, കാലടികൾ കാളക്കിടാവിന്റെ കുളമ്പ് പോലെയുള്ളതും ആയിരുന്നു. ചിറകുകളിൽ നാലിന്റെ അടിയിലും മനുഷ്യക്കൈ ഉണ്ടായിരുന്നു. മേൽഭാഗം വിടർന്നിരുന്ന രണ്ട് ചിറകുകളിൽ രണ്ടെണ്ണം തമ്മിൽ തൊട്ടും, രണ്ടെണ്ണം കൊണ്ട് മുഖം മറച്ചും ഇരുന്നു. (യെഹസ്ക്കേൽ 1: 4–28)

യഹോവയുടെ വാഹനമായി ചിത്രീകരിച്ചിരിക്കുന്ന കെരൂബുകളുടെ നാലു മുഖത്തിനും നേരെ ഒരോ ചക്രം ഉണ്ടായിരുന്നു. നാലു മുഖങ്ങൾക്കും ചിറകുകൾ ഉണ്ടായിരുന്നതിനാൽ തിരിയാതെ നാലു വശത്തേക്കും സഞ്ചരിക്കുവാൻ കഴിഞ്ഞിരുന്നു. അനേകം കണ്ണുകൾ ഉണ്ടായിരുന്ന കെരൂബുകളുടെ ആത്മാവ് ചക്രങ്ങളിൽ ആയിരുന്നു. ഇവ പൊങ്ങുമ്പോൾ ചക്രങ്ങളും പൊങ്ങും അങ്ങനെ ആത്മാവിന് പോകേണ്ടിയിരുന്നിടത്തേക്ക് അവ സഞ്ചരിച്ചിരുന്നു.

ആദമിനെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കിയതിനു ശേഷം, ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാക്കുന്നതിനായി കെരൂബിനെ നിയമിച്ചിരിക്കുന്നതായും, യഹോവയുടെ നിയമപെട്ടകത്തിന്റെ നിർമ്മാണത്തിൽ കെരൂബുകളുടെ രൂപം ഉപയോഗിച്ചിരിക്കുന്നതായും തിരുവെഴുത്തിൽ വിവരിച്ചിരിക്കുന്നു. കെരൂബുകളെ സൂചിപ്പിക്കുവാൻ നീല നിറം ഉപയോഗിക്കുന്നു

വേദപുസ്തക അടിസ്ഥാനം

1 ഉൽപത്തി 3: 24

ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻ തോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി

2 സങ്കീർത്തനങ്ങൾ 80:1

ആട്ടിൻകൂട്ടത്തെപ്പോലെ യോസഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ.

3 യെശയ്യാവ് 37:16

യിസ്രായേലിന്റെ ദൈവമായി കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവേ, നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവ്വരാജ്യങ്ങൾക്കും ദൈവമാകുന്നു.

4.1.3 ഹൈലേവോസേൻമാർ

ഒന്നാം നിരയിൽ അവസാന സ്ഥാനത്തുള്ള മാലാഖാവൃന്ദമാണ് ഹൈലേവോസേൻമാർ. ദൈവത്തിന്റെ സിംഹാസനം അഥവാ ഇരിപ്പിടം ആയിട്ടാണ് ഈ ഗണത്തെ വിഭാവനം ചെയ്തിരിക്കുന്നത്. എബ്രായ ഭാഷയിൽ "ഇർ" എന്നും, ഗ്രീക്ക് ഭാഷയിൽ "ത്രോണോയ്" എന്നും അറിയപ്പെടുന്നു. പരസ്പരം പിണഞ്ഞ് കിടക്കുന്ന ചക്രങ്ങളുടെ രൂപമാണ് ഇവയ്ക്ക് ഉള്ളത്. ആ വലയങ്ങളിൽ മുഴുവൻ കണ്ണുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. പൗരുഷമുള്ളവർ എന്ന് അറിയപ്പെടുന്ന ഇവർ ദൈവമഹത്വം പാടി പുകഴ്ത്തുകയും, ദൈവിക നീതി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഹൈലേവോസേൻമാരെ സൂചിപ്പിക്കുവാൻ പച്ച നിറം ഉപയോഗിക്കുന്നു.

വേദപുസ്തക അടിസ്ഥാനം

1. ദാനിയേൽ 7:9

ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടിൻരോമം പോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു.

2. വെളിപ്പാട് 11:16

ദൈവസന്നിധിയിൽ സിംഹാസങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാല് മൂപ്പന്മാരും ദൈവത്തെ നമസ്കരിച്ചു.

3. 1 കൊലോസ്സ്യർ 1:16

സിംഹാസങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു.

4.1.4 മോറോവോസേൻമാർ

രണ്ടാമത്തെ നിരയിലുള്ള ആദ്യവൃന്ദം മാലാഖമാരാണ് മോറോ വോസേൻമാർ. എബ്രായ ഭാഷയിൽ "മസാർട്ടിം" എന്നും ഗ്രീക്ക് ഭാഷയിൽ

"കെര്യോട്ടിസ്" എന്നും അറിയപ്പെടുന്നു. ദൈവസന്ദേശം മറ്റ് മാലാഖമാർക്ക് നൽകുന്ന മോറേവോസേൻമാർക്ക് താഴെനിരയിലുള്ള മാലാഖമാരുടെ മേൽ അധികാരം ഉണ്ട്. നാഥകൃത്യൻമാർ എന്ന് വിശേഷിക്കപ്പെടുന്ന ഇവർ ദൈവാധികാരം പ്രതിഫലിപ്പിക്കുന്നു. ദൈവത്തിന്റെ കരുണ മനുഷ്യരിലേക്ക് ഒഴുക്കി പിശാചിന്റെ തിൻമകളെ അതിജീവിക്കാനുള്ള ശക്തി പ്രധാനം ചെയ്യുന്നു. മോറാവോസേൻമാരെ സൂചിപ്പിക്കുവാൻ റോസ് നിറം ഉപയോഗിക്കുന്നു.

വേദപുസ്തക അടിസ്ഥാനം

1. 1 കൊലോസ്സ്യർ 1:16

സിംഹാസങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു.

2. എഫേസ്യർ 1:21

സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുന്നു

4.1.5 മൗത്ബേൻമാർ

ഗ്രീക്ക് ഭാഷയിൽ "ഡൈനാമിസ്" എന്നും "അബ്രിം" എന്ന് എബ്രായ ഭാഷയിലും അറിയപ്പെടുന്നു. മൗത്ബേൻമാർ ദൈവിക പദ്ധതി നടപ്പിൽ വരുത്തുവാൻ മനുഷ്യർക്ക് ദൈവിക ജ്ഞാനം പകർന്ന് നൽകുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയുള്ള ഇവർ അസത്യം, തിന്മ, എന്നിവക്കെതിരെ പൊരുതുവാൻ മനുഷ്യർക്ക് ശക്തി, ധൈര്യം, സാമർത്ഥ്യം എന്നിവ നൽകുന്നു. ഭദ്രാസനന്മാർ എന്ന് വിളിക്കപ്പെടുന്ന ഇവർ നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, കാലങ്ങൾ, ധാതുക്കൾ എന്നിവയെ നിയന്ത്രിക്കുന്നു. മൗത്ബേൻമാരെ സൂചിപ്പിക്കുവാൻ ഓറഞ്ച് നിറം ഉപയോഗിക്കുന്നു.

വേദപുസ്തക അടിസ്ഥാനം

1. എഫേസ്യർ 1:21

സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുന്നു

2. 1 പത്രോസ് 3 :22

അവൻ സ്വർഗ്ഗത്തിലേക്ക് പോയി ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പെട്ടു മിരിക്കുന്നു.

3. സങ്കീർത്തനങ്ങൾ 78:25

മനുഷ്യർ ശക്തിമാന്മാരുടെ അപ്പം തിന്നു. അവൻ അവർക്ക് തൃപ്തി യാകുംവണ്ണം ആഹാരം അയച്ചു

4.1.6 ശുൽത്തോനേൻമാർ

രണ്ടാം നിരയിൽ അവസാന സ്ഥാനത്ത് ഉള്ള ഇവർ ഗ്രീക്ക് ഭാഷയിൽ "എക്സോസിയ" എന്ന പേരിലും "അബാദിം" എന്ന് എബ്രായ ഭാഷയിലും അറിയപ്പെടുന്നു.. ലോകത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന സാത്താനെ തടഞ്ഞ് നിർത്തി, മനുഷ്യമക്കളെ പ്രലോഭനങ്ങളിൽ അകപ്പെടാതെ കാത്ത് സംരക്ഷിക്കുന്നു. അധികാരികൾ എന്ന് അറിയപ്പെടുന്ന ശുൽത്തോനേന്മാർ ദൈവകൽപനകളെ പാലിക്കുവാൻ മനുഷ്യമക്കൾക്ക് ബലം നൽകുന്നു. ശുൽത്തോനേൻമാരെ സൂചിപ്പിക്കുവാൻ മഞ്ഞ നിറം ഉപയോഗിക്കുന്നു

വേദപുസ്തക അടിസ്ഥാനം

1 എഫേസ്യർ 3:10

അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം

2. കൊലോസ്യർ 2:10

എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.

3 കൊലോസ്സ്യർ 1:16

സിംഹാസങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു.

4.1.7 റീശേവോസേൻമാർ

റീശേവോസേൻമാർ കിരീടം ധരിച്ച് വാൾ പിടിച്ച് യുദ്ധവീരൻമാരായി കാണപ്പെടുന്നു. "അർക്കായ്" എന്ന് ഗ്രീക്ക് ഭാഷയിലും,"സാബാ" എന്ന് എബ്രായ ഭാഷയിലും അറിയപ്പെടുന്ന ഇവർ രാജ്യങ്ങൾ, പട്ടണങ്ങൾ,

എന്നിവയെ നിയന്ത്രിക്കുകയും, സഹായിക്കുകയും ചെയ്യുന്നു. റീശേവോസേൻമാർക്ക് മാലാഖമാരുടെ മേലും, പ്രധാനമാലാഖമാരുടെ മേലും അധികാരമുണ്ട്. ദൈവരാജ്യം സംരക്ഷിക്കപ്പെടുന്ന ഇവർ എല്ലാ പ്രപഞ്ചസൃഷ്ടികളേയും ദൈവത്തിങ്കലേക്ക് നയിക്കുന്നു. റീശേവോസേൻമാരെ സൂചിപ്പിക്കുവാൻ ചുവപ്പ് നിറം ഉപയോഗിക്കുന്നു

വേദപുസ്തക അടിസ്ഥാനം

1. എഫേസ്യർ 1:21

സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുന്നു

2. യെശയ്യാവ് 63:9

അവന്റെ സമ്മുഖദൂതൻ അവരെ രക്ഷിച്ചു. തന്റെ സ്നേഹത്തിലും കനിവിലും അവൻ അവരെ വീണ്ടെടുത്തു.

4.1.8 റീശേ മാലാഖമാർ

മൂന്നാം നിരയിലെ രണ്ടാമത്തെ വൃന്ദം മാലാഖമാർ ആണ് ഇവർ. മാലാഖമാരുടെ തലവൻമാർ എന്ന് ഇവരെ വിശേഷിക്കപ്പെടുന്നു. ദൈവ സന്ദേശം വഹിക്കുന്ന ഇവർ തിന്മക്കെതിരെ തുടർച്ചയായി പോരാടിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗീയഗണത്തിന്റെ അധിപൻമാരായി പ്രവർത്തിക്കുന്ന ഇവർക്ക് കർത്താവിന്റെ മുമ്പിൽ പ്രത്യേകം സ്ഥാനം ഉണ്ട്. വെളിപാട് പുസ്തകമനുസരിച്ച് ഏഴ് പ്രധാനമാലാഖമാർ ദൈവസന്നിധിയിൽ നിലനിൽക്കുന്നു. ഗബ്രിയേൽ, മിഖായേൽ തുടങ്ങിയവർ റീശേ മാലാഖമാരുടെ ഗണത്തിൽ പെടുന്നു. ദൈവത്തിന്റെയും, മനുഷ്യരുടെയും, ഇടയിൽ നിന്ന് ദൈവസന്ദേശം മനുഷ്യർക്ക് നൽകി ദൈവപദ്ധതി അനുസരിച്ച് സൃഷ്ടികളെ നയിക്കുന്നു. റീശേ മാലാഖമാരെ സൂചിപ്പിക്കുവാൻ സ്വർണ്ണ നിറം ഉപയോഗിക്കുന്നു

വേദപുസ്തക അടിസ്ഥാനം

1. 1 തെസ്സലൊനിക്യർ 4:16

കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മുമ്പെ മരിച്ചവർ ഉയർത്തെഴുനേൽക്കുകയും ചെയ്യും

2. യൂദാ 1:9

എന്നാൽ പ്രധാനദൂതനായ മീഖായേൽ മോശയുടെ ശരീരത്തെക്കുറിച്ചു പിശാചിനോട് തർക്കിച്ചു.

3. ദാനിയേൽ 12:1

ആ കാലത്ത് നിന്റെ സ്വജാതിക്കാർക്ക് തുണനിൽക്കുന്ന മഹാ പ്രഭുവായ മീഖായേൽ എഴുന്നേൽക്കും

4.1.9 മാലാഖമാർ

മൂന്നാം നിരയിൽ അവസാന സ്ഥാനത്തുള്ള ഇവർ ദൂതൻമാർ എന്നറിയപ്പെടുന്നു. "ദൂത്" എന്നർത്ഥമുള്ള "ലാഖാ" എന്ന എബ്രായ പദത്തിൽ നിന്നുമാണ് മാലാഖ എന്ന വാക്കുണ്ടായത്. അതുപോലെ "ഏയ്ഞ്ചലോയ്" എന്ന പദത്തിൽ നിന്ന് ഏഞ്ചൽ എന്ന് ഇംഗ്ലീഷ് പദവുമുണ്ടായി. മനുഷ്യമക്കളോട് ഏറ്റവും അടുത്ത് നിന്ന് ദൈവസന്ദേശം മനുഷ്യരിൽ എത്തിക്കുന്നത് ഇവരാണ്. ഈ ലോകത്തിലെ പല ചുമതലകളും ദൈവം മാലാഖമാർക്ക് നൽകപ്പെട്ടിരിക്കുന്നു. ദൈവഹിതം നമ്മെ അറിയിച്ച് അപകടങ്ങളിൽ പെടാതെ നമ്മെ സംരക്ഷിച്ച് വഴി നടത്തുന്നു. മാലാഖമാരെ സൂചിപ്പിക്കുവാൻ വെള്ളി നിറം ഉപയോഗിക്കുന്നു.

വേദപുസ്തക അടിസ്ഥാനം

1. മത്തായി 1:20

ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി

2. ലൂക്കോസ് 1:11

അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതുഭാഗത്തു നിൽക്കുന്നവനായിട്ട് അവന് പ്രത്യക്ഷനായി

3 മത്തായി 18:11

സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോട് പറയുന്നു.

നവവൃന്ദം മാലാഖമാർ പരസ്പരം ബന്ധമുള്ളവരും ദൈവശക്തിയാൽ പ്രവർത്തിക്കുന്നവരുമാണ്. സുറിയാനി സഭയുടെ

പാരമ്പര്യം അനുസരിച്ച് പൗരോഹിത്യത്തിന്റെ വിവിധ പടികളായ ഹൗപ്പദ്യക്കിനോ, മ്ശംശോനോ, കശ്ശീശ്ശാ, പേറദ്യൂത്താ, കോറെപ്പിസ്ക്കോപ്പാ, എപ്പിസ്ക്കോപ്പാ, മെത്രാപ്പോലീത്താ, കാതോലിക്കാ – പാത്രിയർക്കീസ് എന്നിവയെ മാലാഖമാരുടെ ഒമ്പത് വൃന്ദങ്ങളുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

സുറിയാനി സഭയിൽ നിലനിൽക്കുന്ന മറ്റൊരു പാരമ്പര്യം അനുസരിച്ച് മഹാപുരോഹിതനായ അഹരോന്റെ മാർച്ചട്ടയിൽ പതിച്ചിരിക്കുന്ന പന്ത്രണ്ട് കല്ലുകളിൽ ആദ്യത്തെ ഒമ്പതെണ്ണമായ ചുവപ്പുകല്ല്, പുഷ്യരാഗം, മാണിക്യം, മരതകം, നീലകല്ല്, വജ്രം, പത്മരാഗം, വൈഡൂര്യം, സുഗന്ധക്കല്ല് എന്നിവയെ സ്രോപ്പേന്മാർ മുതലുള്ള നവവൃന്ദം മാലാഖമാരെ പ്രതിനിധീകരിച്ചിരിക്കുന്നു. അവസാനത്തെ മൂന്ന് കല്ലുകളായ ബേരിൽ രത്നം, ഗോമേദകം, യസ്പി എന്നിവ പ്രധാനാചാര്യൻ, ആചാര്യൻ, ശുശ്രൂഷകൻ എന്നിവരേയും സൂചിപ്പിക്കുന്നു. ആത്മീയ സഭയും ഭൗതിക സഭയും തമ്മിലുള്ള യോജിപ്പും ആത്മദാനങ്ങളുടെ പടിപടിയായുള്ള ഒഴുക്കും ആണ് ഈ കല്ലുകൾ സ്പഷ്ടമാക്കുന്നത്.

4.2 പിശാചുക്കൾ

നവവൃന്ദം മാലാഖമാർക്കും മേലായി ഉന്നത സ്ഥാനത്ത് നിന്നിരുന്ന ദൂതന്മാരുടെ തലവനായിരുന്നു ലൂസിഫർ. ലൂസിഫറിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം മാലാഖമാർ തങ്ങളുടെ അഹംഭാവം നിമിത്തം ദൈവത്തോട് മത്സരിച്ചു. തന്മൂലം അവർ ദൈവസന്നിധിയിൽ നിന്ന് തള്ളപ്പെട്ടു, ഇപ്രകാരം തള്ളപ്പെട്ട ദൈവദൂതന്മാർ ആണ് പിശാചുക്കൾ. സാധാരണയായി സാത്താൻ, ബേൽസബൂൽ, മാമ്മോൻ, തുടങ്ങിയ പേരുകളിലെല്ലാം ഇവർ അറിയപ്പെടുന്നു.

ദൈവദൂതന്മാർ എങ്ങനെയാണ് പിശാചുക്കളായി മാറി എന്ന് യെഹസ്ക്കേൽ, യെശയ്യാവ് എന്നിവരുടെ പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നു. ഏദനിൽ വസിച്ചിരുന്ന ദൈവദൂതൻ ജ്ഞാന സമ്പൂർണ്ണനും, സൗന്ദര്യ സമ്പൂർണ്ണനും ആയിരുന്നു. സകല രത്നങ്ങളാലും, പൊന്നുകളാലും നിർമ്മിതവും, അഗ്നിരഥങ്ങളുടെ മധ്യേ സഞ്ചരിക്കുന്നവനും ആയിരുന്നു. എന്നാൽ തന്റെ അഹംഭാവം നിമിത്തം, താൻ സ്വർഗ്ഗത്തിൽ കയറി തന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കും, മേഘങ്ങൾക്കും മുകളിൽ വെച്ച് ദൈവത്തിനോട് സമനാകും എന്ന് തന്റെ ഹൃദയത്തിൽ നിരൂപിക്കുകയും ദൈവത്തെ മഹത്വപ്പെടുത്താതിരിക്കുകയും ചെയ്ത് ദൈവമഹത്വത്തിൽ നിന്നകന്നു. തന്മൂലം ദൈവം ലൂസിഫറിനെയും സൈന്യത്തെയും പാതാളത്തിലേക്ക്

തള്ളിയിട്ടു. (യെശയ്യാവ് 14: 12–17, യെഹസ്കേൽ 28: 13–16)

മനുഷ്യരെ തിന്മയിലേക്കും, മരണത്തിലേക്കും, നിത്യനാശത്തിലേക്കും നയിക്കുക എന്നതാണ് സാത്താന്റെ പ്രധാനലക്ഷ്യം. അകമെയുള്ള ഇന്ദ്രിയങ്ങളിൽ പ്രവേശിച്ച് അവന്റെ ദുർപ്രവൃത്തികൾ മൂലം മനുഷ്യനെ പിശാചിനടുത്തവരാക്കിത്തീർക്കുന്നു. ദൈവദൂതന്മാർ ആയിരുന്നപ്പോൾ ഉണ്ടായിരുന്ന സർവ്വശക്തികളും തങ്ങൾക്ക് ഉള്ളതിനാൽ, അതുപയോഗിച്ച് മനുഷ്യരെ തന്റെ അടുക്കലേക്ക് അടുപ്പിച്ച് ദൈവസ്നേഹത്തിൽ നിന്നകറ്റി തങ്ങളേപ്പോലെ ആക്കുവാൻ തക്കവണ്ണം ഏതുരൂപത്തിലും ഏവിടെയും കാണപ്പെടുന്നു.

മനുഷ്യരെ ഉപദ്രവിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നു എന്നതൊഴിച്ച്, പിശാചുക്കളുടെ ഇടയിൽ സ്നേഹം, കരുണ, സമാധാനം, എന്നിവയൊന്നും ഇല്ല. അതിനാൽ ഇവർ തമ്മിൽ സ്നേഹമുള്ളവരല്ല. അനീതിപരമായ അവരുടെ ദുഷ്ടപ്രവർത്തിയിലുള്ള യോജിപ്പുമൂലമാണ് അവരുടെ രാജ്യം നിലനിൽക്കുന്നത്. തങ്ങൾക്ക് ദൈവസന്നിധിയിൽ നഷ്ടപ്പെട്ട ഭാഗ്യങ്ങളും, ഇരിപ്പിടങ്ങളും, മനുഷ്യർക്ക് ലഭിക്കുന്നത് സഹിക്കായ്കയാൽ ദുഷ്ടദൂതന്മാരെ പരീക്ഷകരായി നമ്മിൽ ഓരോരുത്തരിലും നിയമിക്കുന്നു. ഈ ദുഷ്ടദാസന്മാരാണ് നമ്മിൽ ദുഷ്പ്രേരണ ചെയ്യുന്നത്. എന്നാൽ ദൈവകൽപ്പനകളെ ആചരിച്ച് പാപത്തെ അകറ്റി ജീവിക്കുന്നവരെ ഉപദ്രവിക്കുവാൻ പിശാചിന് സാധ്യമല്ല. ദൈവത്തോടുള്ള നമ്മുടെ വിശ്വസ്ഥത വെളിപ്പെടുത്തുന്നതുമൂലം, ദൈവാനുഗ്രഹം ചൊരിയുന്നതിനായാണ് പിശാചുക്കളാൽ പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നത്. അതിനാൽ നാം പ്രാർത്ഥനയാലും ഉപവാസത്താലും സാത്താന്റെ തന്ത്രങ്ങളെ തകർക്കുകയും, സത്യം, നീതി, സമാധാനം, വിശ്വാസം, വചനം, തുടങ്ങിയ ആയുധങ്ങൾ ധരിച്ച് സാത്താനെതിരെ ജാഗ്രതയുള്ളവരായിരിക്കുകയും വേണം.

Bibliography

1. ആത്മീയസഭ അഥവാ മാലാഖമാർ : എം. റ്റി. ഇട്ടീരാ കത്തനാർ
2. മാലാഖമാർ : സിസ്റ്റർ മേരി ക്ലെയർ
3. ആത്മാക്കളുടെ ലോകം : ഡോ. മൈക്കിൾ കാരിമറ്റം
4. നസ്രാണി മാർഗ്ഗം – ചരിത്ര സാംസ്കാരിക പഠനങ്ങൾ : ഡോ. എം. കുര്യൻ തോമസ്
5. വിശുദ്ധ കുർബ്ബാന – മാനവോദ്ധാരണത്തിനുള്ള ദൈവ പദ്ധതി : ഡോ. മാത്യു ഡേവിഡ്